നമ്പർ സി.ബി (1)26259/2006 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

കേരള, തിരുവനന്തപുരം, തീയതി: 03-07-2006

സർക്കുലർ നമ്പർ: 29/2006

വിഷയം: സഹകരണവകുപ്പ്-ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറച്ചതിനെത്തുടർന്ന് കാർഷിക വായ്പകളുടെ ദുരുപയോഗം തടയുന്നതിനും, കാർഷിക ഉത്പാദനം കൂടുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനും, ബോധവത്കരണം നടത്തുന്നതും സംബന്ധിച്ച്-നിർദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

സൂചന: 1. 19-6-2006ൽ തിരുവനന്തപുരത്ത് ചേർന്ന സഹകാരികളുടെ യോഗം

2. രജിസ്ട്രാറുടെ 28/2006 നമ്പർ സർക്കുലർ

സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പാ പലിശ നിരക്കുകൾ സൂചന (2) സർക്കുലർ പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായിട്ടുണ്ട്. ഇതു പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ 5.5% നിരക്കിലും, ഒരു ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾ 6% എന്ന നിരക്കിലും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ നൽകുമ്പോൾ ടി വായ്പ ദുരുപയോഗം തടയുന്നതിനും കാർഷിക ആവശ്യത്തിനു തന്നെയാണ് വായ്പ ഉപയോഗിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി ചുവടെ പരാമർശിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സംഘം സെക്രട്ടറി, സംഘത്തിന്റെ ചുമതലയുള്ള സഹകരണസംഘം യൂണിറ്റ് ഇൻസ്പെക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഇൻസ്പെക്ടർ, ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടർ എന്നിവർ കൂട്ടായി പരിശോധിച്ച് ഓരോ വായ്പയെയും സംബന്ധിച്ചുള്ള വിനിയോഗ റിപ്പോർട്ട് രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന മാതൃകാ ഫോറത്തിൽ ഒരു പകർപ്പ് സംഘത്തിനും, ഒരു പകർപ്പ് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)നുംസമർപ്പിക്കേണ്ടതാണ്.

(2) ഓരോ മാസവും പരിശോധിക്കുന്ന വായ്പകളുടെ എണ്ണവും, തുകയും പരിശോധിച്ച ഉദ്യോഗസ്ഥരുടെ പേരും പരിശോധനാ ഫലവും, ഓരോ മാസവും 10-ാം തീയതിയ്ക്ക് മുമ്പ്, താലൂക്ക് തലത്തിലുള്ള വിവരങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും, താലൂക്ക് തലത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അടുത്ത മാസം 15-ാം തീയതിയ്ക്ക് മുമ്പ് ജോയിന്റ് രജിസ്ട്രാർ, രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

(3) കാർഷിക ആവശ്യത്തിന് കുറഞ്ഞ നിരക്കിൽ എടുക്കുന്ന വായ്പ, കാർഷികേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ, അത്തരം വായ്പകൾ വായ്പ കൈപ്പ

റ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുകയും, കാർഷികേതര വായ്പയ്ക്ക് ഈടാക്കുന്ന പലിശനിരക്കിൽ, ടി വായ്പയ്ക്ക് ഈടാക്കുന്നതുമാണെന്ന് സംഘങ്ങൾ എഗ്രിമെന്റിൽ/ജാമ്യക്കടപ്പത്രത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

(4) സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവ മുഖേന കാർഷിക വായ്പകൾ വിതരണം നടത്തുന്നതിന് വായ്പ നൽകിയിട്ടുണ്ടെങ്കിൽ അത്തരം വായ്പകളുടെയും വിനിയോഗം പരിശോധിയ്ക്കേണ്ടതാണ്.

(5) ഓരോ മാസവും താലൂക്ക് തലത്തിൽ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രതിമാസ യോഗങ്ങളിൽ ഇത്തരം കാര്യങ്ങളും കാർഷിക വായ്പാ വിതരണത്തിന്റെ പുരോഗതിയും വിലയിരുത്തുന്നതോടൊപ്പം തന്നെ, വായ്പാ വിതരണം ഊർജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(6) ഓരോ മൂന്നു മാസ്ത്തിലൊരിക്കലും യൂണിറ്റ് ഇൻസ്പെക്ടർമാർ, ജില്ലാ ബാങ്ക് ഇൻസ്പെക്ടർമാർ, സംഘം സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ തലത്തിൽ രജിസ്ട്രാർ വിളിച്ചുകൂട്ടുന്നതും, അവലോകനം നടത്തിയശേഷം സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നതുമാണ്.

(7) കാർഷിക വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ താഴെ പറയുന്ന അംഗങ്ങളടങ്ങിയ കാർഷിക വായ്പാ അവലോകന കമ്മിറ്റി രൂപീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| | | |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ് | ചെയർമാൻ |
| 2 | സർവീസ് സഹ.സംഘം/ബാങ്ക് പ്രസിഡന്റ് | വൈസ് ചെയർമാൻ |
| 3 | ടി പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിയ്ക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗം | അംഗം |
| 4 | കൃഷി ആഫീസർ | അംഗം |
| 5 | ജില്ലാ ബാങ്കിന്റെ ഒരു ഭരണസമിതി അംഗം | അംഗം |
| 6 | സർവീസ് സഹ.സംഘം/ബാങ്ക് സെക്രട്ടറി | അംഗം |
| 7 | ബന്ധപ്പെട്ട പാടശേഖര സമിതി കൺവീനർ | അംഗം |
| 8 | ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ/എക്സിക്യൂട്ടീവ് ആഫീസർ | അംഗം |
| 9 | സംഘം നോമിനേറ്റ് ചെയ്യുന്നതും, സംഘത്തിൽ നിന്ന് വായ്പയെടുത്ത് കാർഷിക വായ്പാ വിതരണം ചെയ്യുന്നതും നന്നായി പ്രവർത്തിക്കുന്നതുമായ സ്വയം സഹായ സംഘങ്ങളുടെ പ്രതിനിധികൾ | 5 |
| 10 | യൂണിറ്റ് ഇൻസ്പെക്ടർ | കൺവീനർ |

ഇപ്രകാരം രൂപീകരിക്കുന്ന കാർഷിക വായ്പാ അവലോകന കമ്മിറ്റിയ്ക്ക് ചുവടെ പരാമർശിക്കുന്ന ചുമതലകൾ ഉണ്ടായിരിക്കും

(1) കൃഷി വായ്പകൾ, കാർഷിക ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നു എന്നു ഉറപ്പു വരുത്തുക.

(2) വായ്പകൾ യഥാസമയം നൽകുന്നുവെന്നും, രജിസ്ട്രാർ നിശ്ചയിച്ചു നൽകിയിട്ടുള്ള പലിശ മാത്രമേ കാർഷിക വായ്പയ്ക്ക് ഈടാക്കുന്നുവെ വന്നും, വിളവെടുപ്പ് സമയത്തുതന്നെ വായ്പകൾ തിരിച്ചടയ്ക്കുന്നു എന്ന് ഉറപ്പു വരുത്തുക.

(3) കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നൽകുക.

(4) കൃഷിക്കാർക്കിടയിൽ ആവശ്യമായ ബോധവത്കരണം നടത്തുക.

(5) സഹകരണസംഘങ്ങൾ മുഖേന മാത്രം വായ്പകൾ എടുക്കുവാനും, ഇട പാടുകൾ നടത്തുന്നതിനും കൃഷിക്കാരെ പ്രേരിപ്പിക്കുക.

(6) കൃഷി വായ്പാ വിതരണം ടി പ്രദേശത്ത് ഊർജിതപ്പെടുത്തുന്നതിനാവശ്യ മായ ശുപാർശകൾ സംഘത്തിന് നൽകുകയും സർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുത്തുകയും ചെയ്യുക.

ടി കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ കൂടേണ്ടതാണ്.

കാർഷിക വായ്പാ വിതരണം ഊർജിതപ്പെടുത്തുന്നതിനും, കർഷകരെ പരമാവധി സഹായിക്കുക എന്ന ലക്ഷ്യത്തോടു കൂടിയും, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കാർഷിക വായ്പകൾ ദുരുപയോഗം ചെയ്യരുതെന്ന് കണക്കിലെടുത്തും പുറപ്പെടുവിച്ചിട്ടുള്ള ഈ സർക്കുലർ നിർദേശം എല്ലാ സംഘങ്ങളുടെയും, ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പ് ഉദ്യോഗസ്ഥ ന്മാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

വി. രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
2. എല്ലാ ജില്ലാ ബാങ്ക് പ്രസിഡന്റ്/ജനറൽ മാനേജർമാർക്കും
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം

4. എല്ലാ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും

(ജോയിന്റ് രജിസ്ട്രാർ മുഖേന)

5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും

6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം

7. ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രം സഹിതം)

8. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ

9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും

10. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി.